(ഡി) കുടമാപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലത്ത് ക്രിക്കറ്റ് സ്റ്റേഡിയം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കാവുന്നതും വിപുലമായ പാർക്കിംഗും, ഷോപ്പിംഗ് സൗകര്യങ്ങളും അന്തർദേശീയ നിലവാരമുള്ളതുമായ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം തലസ്ഥാന നഗരിയിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച് യാതൊരറിയിപ്പും ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അനുയോജ്യമായ സ്ഥലം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

മിൽക്ക് ഷെഡ് പദ്ധതി

*22 [438] ശ്രീ. ജോർജ്ജ് ജെ. മാത്യു:

" വി. ജെ. പൗലോസ്:

" തേറമ്പിൽ രാമകൃഷ്ണൻ:

" എ. സുജനപാൽ:

" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കും;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് പാൽ കർഷകന് അർഹതയുള്ളത്;

(ഡി) സംസ്ഥാനത്ത് പദ്ധതി നടപ്പാക്കാൻ കേന്ദ്രത്തിൽനിന്ന് എന്തു സഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. ഈ പദ്ധതിപ്രകാരം പച്ചപ്പുൽകൃഷി, പുൽകൃഷിക്കായുള്ള ജലസേചന സൗകര്യം, വേനൽക്കാലത്ത് പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റ വിതരണം, വ്യാപാരാടിസ്ഥാനത്തിൽ ഡയറി യൂണിറ്റുകൾ തുടങ്ങുക, വിപണനത്തിനായി ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, പുതിയ കാലിത്തൊഴുത്ത് നിർമ്മിക്കുക, നിലവിലുള്ളവ അറ്റകുറ്റപ്പണി നടത്തുക എന്നിവയാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) ഇത് ഒരു തുടർ പദ്ധതിയാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) ഈ പദ്ധതിയിലൂടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുകയും കാലിത്തൊഴുത്ത് പുനഃക്രമീകരിക്കുകയും ചെയ്യുന്നതിലൂടെ കർഷകന് സഹായം ലഭിക്കുന്നു.

(ഡി) കേന്ദ്രത്തിൽനിന്നും ഈ പദ്ധതിക്കായി സഹായമൊന്നും ലഭിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ അഞ്ച് വർഷത്തെ ടേൺ ഓവർ

*23 [439] ഡോ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

" കെ. സി. ജോസഫ്:

" കെ. പി. മോഹനൻ:

" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഓരോ വർഷത്തേയും ടേൺ ഓവർ എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ടേൺ ഓവറിലൂടെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിൽ ഓരോ വർഷവും ലഭിച്ച ലാഭം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ടേൺ ഓവർ വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly